**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 174** **01-07-2026-ൽ മറുപടിയ്ക്ക്**

**<u>തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് നടപടി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. പ്രേമൻ

ശ്രീ. പി. എ. മുഹമ്മദ് റിയാസ്

ശ്രീ. കാരായി രാജൻ

ശ്രീ. ജി. സ്റ്റീഫൻ

ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** യുവജനങ്ങളുടെ തൊഴിലില്ലായ്മ പരിഹരിക്കാനുതകുന്ന ദീർഘകാലാടിസ്ഥാനത്തിലുള്ള എന്തെല്ലാം പ്രായോഗിക നിർദ്ദേശങ്ങളാണ് നയപ്രഖ്യാപനത്തിൽ വിഭാവനം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** കേരളത്തിലെ യുവജനങ്ങളുടെ തൊഴിൽ ക്ഷമതയും വ്യവസായ സന്നദ്ധതയും വർദ്ധിപ്പിക്കുന്നതിന് നൈപുണ്യ വികസന പദ്ധതികൾ വിപുലീകരിക്കുന്നതും ആധുനിക സംവിധാനങ്ങൾ, ഡിജിറ്റൽ പഠന സമ്പ്രദായങ്ങൾ, മെച്ചപ്പെട്ട അക്കാദമിക് നിലവാരം എന്നിവയിലൂടെ സർക്കാർ സ്കൂളുകളും കോളേജുകളും നവീകരി ക്കുന്നതുമാണ്. അക്കാദമിക് സ്ഥാപനങ്ങൾ, വ്യവസായം, ഗവേഷണ സ്ഥാപനങ്ങൾ എന്നിവക്കിടയിൽ ശക്തമായ സഹകരണത്തോടെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ മികവിന്റെയും നവീകരണ ത്തിന്റെയും ഗവേഷണത്തിന്റെയും യഥാർത്ഥ കേന്ദ്രങ്ങളാക്കുന്നതിന് പ്രോത്സാഹിപ്പിച്ച കൊണ്ട് കേരളത്തിലെ ബിരുദധാരികൾ ആഗോള തലത്തിൽ മത്സരക്ഷമതയുള്ള വരായി നിലനിൽക്കുന്നുവെന്ന് ഉറപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. പതിനായിരം MSME സംരംഭങ്ങൾ ആരംഭിക്കാൻ സഹായം നൽകുന്ന സമഗ്ര പദ്ധതിയായ MSME ഗ്രോത്ത് സ്കീമിന് രൂപം നൽകുന്നതാണ്. ആഗോള സമ്പദ് വ്യവസ്ഥയ്ക്ക് അനുസൃതമായി കേരളത്തിലെ യുവജനങ്ങളെ സജ്ജരാക്കുകയും നമ്മുടെ വിദ്യാഭ്യാസ നൈപുണ്യ വികസന സംവിധാനങ്ങൾ ഭാവിയിലെ തൊഴില വസരങ്ങളുമായി കൂടുതൽ യോജിപ്പിക്കുകയും ചെയ്യുന്നതിനായി ഗ്ലോബൽ ജോബ് വാച്ച് ടവർ ആരംഭിക്കുന്നതാണ്.

ഉന്നത വിദ്യാഭ്യാസ മേഖലയിലെ ഭരണസംബന്ധവും ഭരണ നിർവ്വഹണവുമായ പ്രശ്നങ്ങൾ ഏകോപിപ്പിക്കുന്നതിന് ഒരു പരമോന്നത സമിതിയായി ഒരു അക്കാദമിക് സിൻഡിക്കേറ്റ് രൂപീകരിക്കുന്നതും വിദ്യാർത്ഥികളെയും വ്യവസായത്തേയും ബന്ധിപ്പിക്കുന്ന ഒരു സംസ്ഥാന വ്യാപക അപ്രന്റീസ്ഷിപ്പ് എക്സ്ചേഞ്ച് പ്ലാറ്റ്ഫോം സർക്കാർ വികസിപ്പിക്കുന്നതുമാണ്. വിദ്യാർത്ഥികൾക്കിടയിൽ അവബോധം വളർത്തുന്നതിന് ജവഹർലാൽ നെഹ്റു സയന്റിഫിക് സെന്ററുകൾ സ്ഥാപിക്കുന്നതും "സെമസ്റ്റർ ഇൻ കേരള" കർമ്മപരിപാടി ആവിഷ്കരിച്ച് അക്കാദമിക് ടൂറിസം ശക്തിപ്പെടുത്തുന്നതും പരിഗണനയിലാണ്.

ഹബ് ആന്റ് സ്പോക്ക് മാതൃകയിലൂടെ ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളെ ആധുനികവത്കരിക്കുന്നതും, കേരളത്തിന്റെ വളരുന്ന വ്യാവസായിക തൊഴിൽ ശക്തിയുടെ 24 മണിക്കൂർ ലഭ്യതയും യന്ത്രാധിഷ്ഠിത നടപ്പാക്കൽ ട്രാക്കിംഗും ഉറപ്പുവരുത്തിക്കൊണ്ട് എല്ലാ മേഖലയിലുമുള്ള തൊഴിലാളികൾക്ക് വ്യക്തിയധിഷ്ഠിത, ബഹുഭാഷാ, തൊഴിൽ സുരക്ഷാ ആരോഗ്യ പരിശീലനം നൽകുന്നതിന് ഒരു AI ഇന്റഗ്രേറ്റഡ് വെർച്വൽ ട്രെയിനിംഗ് മാനേജ്മെന്റ് സിസ്റ്റം നടപ്പിലാക്കുന്നതും പരിഗണനയിലാണ്.

സംരംഭകരാകാൻ ആഗ്രഹിക്കുന്ന യുവജനങ്ങൾക്ക് സർക്കാർ 5 ലക്ഷം രൂപ പലിശരഹിത വായ്പ നൽകുന്നതും പരിഗണനയിലാണ്.

**(ബി)** യുവാക്കൾക്ക് സ്വദേശത്ത് അവസരം നൽകുമെന്ന് വ്യക്തമാക്കുമ്പോഴും നിലവിൽ പി.എസ്.സി. റാങ്ക് ലിസ്റ്റുകളിൽ ഉൾപ്പെട്ട് ജോലി കാത്തിരിക്കുന്ന ലക്ഷക്കണക്കിന് ഉദ്യോഗാർത്ഥികളുടെ നിയമനം വേഗത്തിലാക്കാനുള്ള നിർദ്ദേശങ്ങൾ നയപ്രഖ്യാപനത്തിൽ ഉൾപ്പെടുത്താത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** പി.എസ്.സി റാങ്ക് ലിസ്റ്റുകളിൽ നിന്ന് യഥാസമയം നിയമനം നടത്തുന്നതിലേക്ക് വിവിധ വകുപ്പുകളിലെയും സ്ഥാപനങ്ങളി ലെയും വിവിധ തസ്തികകളിലെ എല്ലാ ഒഴിവുകളും, ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് തന്നെ പി.എസ്.സി-യുടെ ഇ-വേക്കൻസി സോഫ്റ്റ് വെയർ മുഖേന കൃത്യമായി പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണെന്ന് എല്ലാ വകുപ്പ് മേധാവികൾക്കും നിയമനാധികാരികൾക്കും സ്ഥാപന മേധാവികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകികൊണ്ട് സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

കൂടാതെ, 2026 ലെ പ്രതീക്ഷിത ഒഴിവുകൾ മുൻകൂർ ആയി പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുവാൻ എല്ലാ വകുപ്പുതലവന്മാർക്കും നിയമനാധികാരികൾക്കും നിർദ്ദേശം നൽകിക്കൊണ്ടും സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത നിർദ്ദേശ പ്രകാരം ഒഴിവുകൾ പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ എന്ന് പരിശോധിക്കുവാനും ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുവാനും വകുപ്പ് സെക്രട്ടറിമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഒഴിവുകൾ റിപ്പോർട്ടുചെയ്യുന്നതിൽ കാലതാമസം വരുത്തുന്നത് ഒഴിവാക്കുന്നതിനായി വകുപ്പു തലവൻമാരുടെ ഓഫീസുകളിൽ ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിൽ നിന്നുള്ള അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ സന്ദർശനം നടത്തി ഒഴിവ് റിപ്പോർട്ട് ചെയ്യിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

**(സി)** വിവിധ വകുപ്പുകളിൽ നിലവിലുള്ള ഒഴിവുകൾ കൃത്യമായി റിപ്പോർട്ട് ചെയ്യാനും താൽകാലിക നിയമനങ്ങൾ അവസാനിപ്പിച്ച് പി.എസ്.സി.റാങ്ക് ഹോൾഡർമാരെ സമയബന്ധിതമായി നിയമിക്കാനും എന്തെല്ലാം അടിയന്തര നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**